بســـم الله الرحمن الرحيم

الحمد لله* والصلاة والسلام على رسول لله صلى الله عليه وسلم

**അസ്സലാമു അലൈക്കും.**

# ഇസ്‌ലാമിക് ടോക് - 1

## റമളാൻ സന്ദേശം

**നമ്മുടെ മാസം ആഗതമായി. റസൂൽ ഖരീം(സ) പറഞ്ഞു: റജബ് അല്ലാഹുവിന്റെ മാസവും, ശഅബാൻ എന്റെ മാസവും റമളാൻ എന്റെ ഉമ്മത്തിന്റെ മാസവുമാണ്. പരിശുദ്ധമായ മാസത്തിലേക്ക് സ്വാഗതം. നമ്മളാണ് ഭാഗ്യവാന്മാർ. അൽഹംദുലില്ലാഹ്. കഴിഞ്ഞ വർഷം നമ്മുടെ കൂടെയുണ്ടായിരുന്ന പല സുഹൃത്തുക്കളും ബന്ധുക്കളും ഈ റമളാനിൽ ആറടി മണ്ണിലാണ്. അല്ലാഹു അവരുടെ ഖബർ ജീവിതം സന്തോഷത്തിലാക്കിക്കൊടുക്കട്ടെ. ആമീൻ. അടുത്ത റമളാനിൽ ഇനി ആരായിരിക്കും ജീവിച്ചിരിക്കുക. ഒരു പാട് റമളാനിനെ സന്തോഷത്തോടെ സ്വീകരിക്കാനും ഇബാദത്തിനാൽ ധന്യമാക്കി സന്തോഷത്തോടെ പരിശുദ്ധമായ റമളാനിനെ യാത്രയയക്കാനും ആകാരണത്താൽ ആഖിറം വിജയിക്കാനും നമുക്കെല്ലാവർക്കും അല്ലാഹു ഭാഗ്യം നൽകട്ടെ. ആമീൻ. സമയം ആരെയും കാത്തിരിക്കില്ല. സമയം ഏറ്റവും മൂർച്ചയേറിയ വാളാണ് അതിനെ നിങ്ങൾ സൂക്ഷിച്ച് ഉപയോഗിച്ചില്ലെങ്കിൽ ആ മൂർച്ചയേറിയ വാളായ സമയം നിങ്ങളെ ഉപയോഗിക്കും. അതിനെ കരുതിയിരിക്കുക. നമ്മുടെ സമയത്തിന്റെ വില നമ്മളാരും മനസ്സിലാക്കിയില്ല. ഇവിടെ തോന്നിയ പോലെ ജീവിച്ച് തീർക്കാനുള്ളതല്ല നമ്മുടെ ജീവിതം. വലിയ ദൗത്യം നിറവേറ്റാൻ ബാധ്യസ്ഥരാണ്. നമ്മുടെ ഈ ചെറിയ 60-70 കൊല്ലത്തിനിടയിൽ നേടിയെടുക്കാനുള്ള ദൗത്യത്തിലേക്ക് ചെറിയ ഒരു എത്തിനോട്ടം നടത്താം നമുക്ക്. മരണത്തോട് കൂടി നമ്മുടെ യഥാർത്ഥ ജീവിതം ആരംഭിക്കുന്നു നമ്മൾ ഖിയാമത്ത് നാൾ വരെ ഇരുട്ടറയായ ജീവിതത്തിൽ ഒറ്റക്ക് കഴിയണം. നമ്മൾ ചെയ്ത സൽകർമ്മങ്ങൾ മാത്രം നമുക്ക് കൂട്ടിന്. (ജാരിയായ ദാനധർമ്മങ്ങൾ, ഉപകാരപ്രദമായ അറിവ്, മാതാപിതാക്കൾക്ക് ദുആ ചെയ്യുന്ന സ്വാലിഹായ സന്താനങ്ങൾ) മലക്ക് ഇസ്റാഫീൽ(അ)ന്റെ ഒന്നാമത്തേയും രണ്ടാമത്തേയും ഊത്തിനിടയിൽ 40 വർഷമുണ്ടെന്നാണഭിപ്രായം. ആ കാലമത്രയും കൂടി ഖബറിൽ. പിന്നീട് ഉയർത്തെഴുന്നേൽപ്പി ച്ചാൽ കഴിയുന്നില്ല യാത്ര. പിന്നീട് മഹ്ഷറയിലേക്ക് ദുർഘടം പിടിച്ച യാത്ര. അവിടെയെത്തി യാൽ കുറ്റവാളിയായി വിചാരണക്ക് കാത്തിരിക്കുന്നവർ ഇരുമ്പിനാലുള്ള ഭൂമിയിൽ ഇന്ന് മൈലുകൾ അകലെ കാണുന്ന സൂര്യൻ ഒരു**

ചാണകലെ മാത്രം. അനങ്ങാൻ അധികാര മില്ലാതെ ഒറ്റ നിർത്തം ഒന്നോ രണ്ടോ മിനിറ്റല്ല. ഒന്നോ രണ്ടോ മണിക്കൂറും ദിവസവുമല്ല. 50,000 വർഷം (അൻപതിനായിരം വർഷം). ഒരാളും സ്വന്തം സമ്പാദിച്ച സൽകർമ്മങ്ങൾ വേറൊരാൾ ക്കും വിട്ട് കൊടുക്കാൻ തയ്യാറാകാത്ത ദിനം. മാതാവും പിതാവും സന്താനനങ്ങളും സഹോദ രങ്ങളും ഭാര്യയും ഭർത്താവും പരസ്പരം ഒഴിഞ്ഞ് മാറുകയും അവന്റെ അവകാശപ്പെട്ടതെ ന്തെങ്കിലുമുണ്ടെങ്കിൽ അതും വാങ്ങുന്നത് പേടിച്ച് ഒളിച്ചോടാൻ ശ്രമിക്കുന്ന നാൾ. രക്ഷക്കെ ത്തുന്നത് സ്വയം ചെയ്ത സൽകർമ്മങ്ങൾ മാത്രം.ഇത്രയും വർഷങ്ങൾ വിയർപ്പിൽ മുങ്ങിക്കളി ക്കുമ്പോൾ ഒരു പാട് പ്രാവശ്യം പറയും (ഏറ്റവും ഭയാനകമായ ശിക്ഷയുള്ള നരകമാണെന്നറി യാം എന്നിട്ട് പോലും പറയും.) നരകത്തിലായാലും വേണ്ടില്ല. ഈ സ്ഥലത്ത് നിന്ന് ഒന്ന് മാറ്റിത്തരണമെന്ന്. പിന്നീട് വിചാരണ തുടങ്ങിയാലോ! ഇത്രയും വർഷം ദുനിയാവിൽ ചെയ്ത ഒരു വള്ളിപുള്ളി തെറ്റാതെ നമ്മൾ ചെയ്ത കുറ്റങ്ങളും ഗുണങ്ങളും, നന്മയും തിന്മയും, നീതി മാനായ അല്ലാഹുവിന്റെ കോടതിയിൽ വിസ്തരിക്കും. അവകാശപ്പെട്ടതൊന്നും തരാതിരിക്കി ല്ല. വീതിച്ച് കൊടുക്കേണ്ടത് വീതിച്ച് കൊടുക്കും. അല്ലാഹു ചെയ്ത അനുഗ്രഹങ്ങളെക്കുറിച്ച് ചോദിക്കും. എത്രയെത്ര അനുഗ്രഹങ്ങൾ, സന്മാർഗ്ഗം, മാന്യമായ ആരോഗ്യം, വസ്ത്രം, പാർപ്പിടം, സമയം, യുവത്വം.... എന്ന് വേണ്ട നമ്മുടെ അടക്കവും അനക്കവും എല്ലാം രേഖപ്പെട്ട് കിടക്കുന്നു. ഒന്നും നിഷേധിക്കാൻ പറ്റാത്തത്ര സാക്ഷികൾ നമ്മൾ എല്ലാത്തിനെക്കാളും സ്നേഹിച്ച് പട്ടിണി കിടത്താതെ നല്ല ഭക്ഷണവും ആവശ്യാനുസരണം വേണ്ടതെല്ലാം കൊടു ത്ത് സൗന്ദര്യ വസ്തു പോലും കൊടുത്ത് വളർത്തിയ സ്വന്തം ശരീരം പോലും യഥാർത്ഥ നീതി കോടതിയിൽ നമുക്കെതിരെ സാക്ഷി പറയുന്നു. തെറ്റ് ചെയ്തവർ തെറ്റ് ചെയ്യുന്ന സമയത്ത് ആ സ്ഥലത്തുണ്ടായിരുന്ന എല്ലാ വസ്തുക്കളേയും ഹാജരാക്കുന്നു. ഒരു വിദേനയും നിഷേധിക്കാ ൻ പറ്റാത്തത്ര സാക്ഷികൾ. നന്മയുടെയും തിന്മയുടെയും തോത് അനുസരിച്ച് സ്വർഗ്ഗവും നരകവും. വിചാരണ കഴിഞ്ഞാലോ നരകത്തിന്റെ മുകളിൽ നാട്ടപ്പെട്ട സ്വിറാത്തെന്ന പാലം. ആ പാലത്തിന്റെ അവസ്ഥയോ ഏറ്റവും കൂരിരുട്ട് നിറഞ്ഞ രാത്രിയേ ക്കാൾ ഇരുട്ട്, താഴെക്കത്തിജ്വലിക്കുന്ന തീയുടെ നിറം കറുത്തിട്ടാണ്. (നരകത്തിലെ തീ: ദുനിയാവിലെ തീയെ ആയിരം വർഷം കത്തിച്ച് കാഠിന്യം കൂട്ടിയപ്പോൾ തീയുടെ നിറം വെളു ത്തതായി. പിന്നേയും ആയിരം വർഷം കത്തിച്ചപ്പോൾ നിറം കറുത്തതായി) മുടിയേക്കാൾ നേരിയ പാലം, വാളിനേക്കാൾ മൂർച്ചയുണ്ട് അതിന്. അതിലൂടെ 70 കൊല്ലം മുകളിലേക്ക് കയറണം, 70

കൊല്ലം ഇറങ്ങണം. ഇങ്ങനെയൊക്കെയുള്ള കുറെ കയറ്റവും ഇറക്കവും. ഇതൊക്കെത്താണ്ടി കടക്കണം സ്വർഗ്ഗത്തിലെത്താൻ. ഇതൊക്കെ ഓർക്കാതെയല്ലേ നമ്മൾ ഈ ദുനിയാവിൽ ജീവിക്കുന്നത്. പേടിക്കണ്ട സഹോദരങ്ങളെ, അല്ലാഹു സൃഷ്ടികളോട് സ്വന്തം മാതാവിനേക്കാളും സ്നേഹമുള്ളവനാണ്. അല്ലാഹുവിന്റെ ഔദാര്യം കൊണ്ടും റഹ്മത്ത് കൊണ്ടും മാത്രമാണ് രക്ഷ. അവൻ പറഞ്ഞതനുസരിച്ചാൽ അല്ലാഹു രക്ഷപ്പെടുത്തും. മരിക്കുന്നതിന് മുമ്പ് നല്ല കർമ്മങ്ങൾ ചെയ്ത് സമ്പാദിച്ചവർ രക്ഷപ്പെടും. അവന്റെ നിസ്കാരവും നോമ്പും ദാനധർമ്മങ്ങളും സ്വലാത്തുകളും ദിക്റുകളും അല്ലാഹുവിനെയോർ ത്ത് ജീവിച്ചതും മറ്റുള്ളവരെ സഹായിച്ചതും കുടുംബത്തെ സ്നേഹിച്ചതും, ഈ പരിശുദ്ധമാസ മായ റമളാനിൽ വാരിക്കൂട്ടിയ സൽകർമ്മങ്ങളും അവന് വേണ്ട എല്ലാ സഹായവും ചെയ്ത് കൊടുക്കും. ഖബറിൽ സുഖമായിരിക്കും, അവന് കൂട്ടുകാരനായി സൂറത്തുൽ മുൽക് വരും, മറ്റ് സൽകർ മ്മങ്ങൾ അവന് ഒരു ചാൺ അകലെയുദിക്കുന്ന സൂര്യനിൽ നിന്ന് തണൽ ഏകാൻ ഹർഷിന്റെ തണൽ, നന്മ തിന്മ തൂക്കിയാൽ നന്മക്ക് ഭാരം, ഏടുകൾ വലം കയ്യിൽ, ഓരു പ്രാവശ്യം കുടിച്ചാൽ പിന്നീടൊരിക്കലും ദാഹം തോന്നാത്ത പാലിനേക്കാൾ വെളുത്ത തേനിനെക്കാൾ മധുരമുള്ള ഹൗളുൽ ഖസർ വെള്ളം കുടിപ്പിക്കാൻ സ്വലാത്ത്, ലോകത്തിലെ യെല്ലാ ജനങ്ങളും മറ്റും കൂടിയ സദസ്സിൽ നല്ല അഭിമാനത്തോടെ സ്വർഗ്ഗത്തിലേക്ക് പ്രവേശനം. അങ്ങനെയുള്ള ഭാഗ്യവാന്മാരിൽ നാമെല്ലാവരെയും നാമുമായി ബന്ധപ്പെട്ട എല്ലാവരേയും അല്ലാഹു ഉൾപ്പെടുത്തട്ടെ. ആമീൻ. ഈ റമളാൻ നമ്മിലെത്തി. വരൂ...ഇബാദത്തിനും ആഖിറത്തിനും സ്ഥാനവും പരിഗണനയും കൊടുത്ത് സൽക്കർമ്മങ്ങൾ വാരിക്കൂട്ടാം. അല്ലാ ഹു തൗഫീഖ് ചെയ്യട്ടെ. ആമീൻ.ആരോടും വിദ്വേശമില്ലാതെ കറകളഞ്ഞ സ്ഫടിക സമാനമായ മനസ്സിനുടമകളായി സന്തോഷത്തോടെ ഈ റമളാനിനെ സ്വീകരിച്ച് ഈ മാസത്തോടൊപ്പം സന്തോഷിക്കാം. ലോകത്തിന്റെ പല ഭാഗങ്ങളിലും വിഷമം അനുഭവിച്ച് കൊണ്ടിരിക്കുന്ന നമ്മു ടെ സഹോദരങ്ങളേയും പ്രത്യേകം ദുആയിൽ ഉൾപ്പെടുത്തുക.

മുഹമ്മദ് കുഞ്ഞി കൊളവയൽ ( kolavayal2009@gmail.com )

www.islamkerala.com

E-mail : abdulla_cherumba@yahoo.com